R1.1704/06.

# കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ
## ടെണ്ടർ പരസ്യം
## മുറികൾ വാടകക്ക്

കൊച്ചിൻ ദേവസ്വം ബോർഡ് വക തൃശ്ശൂർ വടക്കേ സ്റ്റാന്റിന് സമീപം A.G's Office ന് എതിർവശത്തായി സ്ഥിതി ചെയ്യുന്ന പടിഞ്ഞാറെ പള്ളിത്താമം ശ്രീ വടക്കുന്നാഥൻ കെട്ടിടം, റൗണ്ട് നോർത്തിൽ തെക്കോട്ട് ദർശനമായി പണിതിട്ടുള്ള ശിവശക്തി കെട്ടിടം, ശ്രീ കൈലാസം കെട്ടിടം എന്നിവിടങ്ങളിൽ താഴെ പറയുന്ന മുറികൾ ഏറ്റവും കൂടുതൽ നിരക്കിൽ പ്രതിമാസ വാടകക്ക് എടുക്കുവാൻ ആഗ്രഹിക്കുന്നവരിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| Sl.No. | കെട്ടിടനമ്പർ, വിവരം | വിസ്തീർണ്ണം ച. അടി | നിരതദ്രവ്യം സംഖ്യ |
|---|---|---|---|
| 1 | പടിഞ്ഞാറെ പള്ളിത്താമം ശ്രീ വടക്കുന്നാഥൻ കെട്ടിടത്തിന്റെ രണ്ടാം നിലയിലുള്ള 28/701 നമ്പർ മുറി | 1693 | 17000 |
| 2 | പടിഞ്ഞാറെ പള്ളിത്താമം ശ്രീ വടക്കുന്നാഥൻ കെട്ടിടത്തിന്റെ രണ്ടാം നിലയിലുള്ള 28/ 700/1 നമ്പർ മുറി | 3816 | 39000 |
| 3 | പടിഞ്ഞാറെ പള്ളിത്താമം ശ്രീ വടക്കുന്നാഥൻ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിൽ പടിഞ്ഞാറുവശത്തായുള്ള 28/ 642/47 നമ്പർ മുറി (പാലിയം റോഡുവശം) | 234 | 5000 |
| 4 | ശ്രീ കൈലാസം കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഉള്ള 28/780/11 നമ്പർ മുറി | 207 | 5000 |
| 5 | ശ്രീ കൈലാസം കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഉള്ള 28/780/12 നമ്പർ മുറി | 206 | 5000 |
| 6 | ശ്രീ കൈലാസം കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഉള്ള 28/780/15 നമ്പർ മുറി | 186 | 5000 |
| 7 | ശിവശക്തി കെട്ടിടത്തിന്റെ നാലാം നിലയിലുള്ള 28/ | 3675 | 37000 |

| | | | |
|---|---|---|---|
| | 775/4 നമ്പർ മുറി | | |
| 8 | ശിവശക്തി കെട്ടിടത്തിന്റെ നാലാം നിലയിലുള്ള 28/ 775/5 നമ്പർ മുറി | 1059 | 11000 |
| 9 | ശിവശക്തി കെട്ടിടത്തിന്റെ അഞ്ചാം നിലയിലുള്ള 28/ 776 നമ്പർ മുറി | 4596 | 46000 |

മേൽ കാണിച്ച മുറികളുടെ ചതുരശ്ര അടി നിരക്കിലുള്ള വാടകയുടെ മേൽ ഏറ്റവും കൂടുതൽ തുകക്ക് ടെൻഡർ സമർപ്പിക്കുന്ന വ്യക്തിക്ക് ദേവസ്വം ബോർഡിൽ നിലവിലുള്ള വാടക വ്യവസ്ഥകൾ അനുസരിച്ച് മുറി അനുവദിച്ച് നൽകുന്നതാണ്. ടെൻഡറുകൾ കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന മേൽക്കാണിച്ച നിരതദ്രവ്യം സംഖ്യക്കുള്ള ഡി.ഡി അടക്കം 22.06.2016 ന 3 PM മണിക്ക് മുൻപായി താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ലഭിച്ച ടെണ്ടറുകൾ അന്നേ ദിവസം 3.15 PM ന ഹാജരുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമായിരിക്കും. നിരതദ്രവ്യം സംഖ്യ അടക്കം ചെയ്യാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്. ലഭിക്കുന്ന ടെൻഡറുകളിൽ ഗുണകരമായവ സ്വീകരിക്കുന്നതിനും അല്ലാത്തവ നിരുപാധികം തള്ളിക്കളയുന്നതിനും താഴെ ഒപ്പിടുന്ന ആൾക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

വാടക ഏൽപ്പന കാലാവധി 3 വർഷമായിരിക്കുന്നതും കച്ചീട്ടുകൾ രജിസ്റ്റർ ചെയ്ത് മുറികൾ ഏറ്റെടുക്കേണ്ടതുമാണ്. കച്ചീട്ടുകൾ രജിസ്റ്റർ ചെയ്യുന്നതിന മുൻപായി സെക്യൂരിറ്റി ഡെപ്പോസിറ്റ്, വാടക അഡ്വാൻസ്, സംഭാവന എന്നിവ അടക്കേണ്ടതാണ്.

സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നാൽ ഗ്രൗണ്ട ഫ്ളോർ, ഫ്സ്റ്റ് ഫ്ളോർ എന്നിവയ്ക്ക് 36 മാസത്തെ വാടകക്ക് തുല്ല്യമായ സംഖ്യയും, സെക്കന്റ് ഫ്ളോറിന 24 മാസത്തെ വാടകക്ക് തുല്ല്യമായ സംഖ്യയും, 3rd ഫ്ളോറിനും അതിനു മുകളിലും 12 മാസത്തെ വാടകക്ക് തുല്ല്യമായ സംഖ്യയും എന്നാണ് അർത്ഥമാക്കുന്നത്. അഡ്വാൻസ് എന്നത് 3 മാസത്തെ വാടകക്ക് തുല്ല്യമായ സംഖ്യയും, സംഭാവന എന്നത് 1000 ച. അടി വരെ സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ 25% എന്നും 1000 മുതൽ 2500 വരെ ച. അടി സ്ഥലത്തിന സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ 15% എന്നും 2500 ച. അടിക്ക് മുകളിൽ സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ 10% എന്നുമാണ് അർത്ഥമാക്കുന്നത്. പ്രതിമാസ വാടകയോടൊപ്പം നിയമപ്രകാരമുള്ള സർവ്വീസ് ടാക്സ് അടക്കേണ്ടതാണ്.

ഇക്കാര്യത്തിൽ കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ഈ ആഫീസിൽ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

| | |
|---|---|
| കൊച്ചിൻ ദേവസ്വം ബോർഡ് കാര്യാലയം, | ഉത്തരവിൻപടി, |
| റൗണ്ട് നോർത്ത്, തൃശ്ശൂർ, | Sd/- |
| തീയതി : 15.06.2016. | സെക്രട്ടറി. |